## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1696 — 21/1/2014 ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തിയ റബ്ബറിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റബ്ബർ വിലയിടിവ് മൂലമുണ്ടായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ;<br>(ബി) റബ്ബർ വിലത്തകർച്ച മൂലം കർഷർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; | (എ) & (ബി) | ഇറക്കുമതി തീരുവ കുറച്ചത് കാരണം രാജ്യത്ത് റബ്ബർ ഇറക്കുമതി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റബ്ബർ വിലയിടിവ് നേരിടാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ പ്രധാനമായും നടപ്പിലാക്കണമെന്ന് ബഹു. പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി എന്നിവരോട് ആവശ്യ പ്പെടുകയുണ്ടായി.<br>1) റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കണം.<br>2) സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ റബ്ബർ ലാറ്റക്സ് |

| | | | |
|---|---|---|---|
| | | | തീരുവയായ 70%ത്തിനോടൊപ്പമാക്കി നിജപ്പെടുത്തണം<br>3) സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഇതിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തണം. |
| (സി) | കേന്ദ്ര ഗവൺമെന്റിനു സർക്കാർ നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിനു മറുപടി ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. റബ്ബർ ഇറക്കുമതി തീരുവ കൂട്ടിക്കൊണ്ട് കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ കീഴിലുള്ള റവന്യൂ വകുപ്പ് നോട്ടിഫിക്കേഷൻ (നം.51/2013 കസ്റ്റംസ് തീയതി 20/12/2013) പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്ക് എന്നാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ